To

ഡിവിഷണൽ മാനേജർ
റെയിൽവേ ഡിവിഷൻ ആഫീസ്
തിരുവനന്തപുരം

സർ,

വിഷയം:- വേളി റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ്ഫാറം നിർമ്മിക്കുന്നത് സംബന്ധിച്ച്.

വിക്രം സാരാഭായ് സ്പെയ്സ് സെന്ററിന് (VSSC) സമീപത്തായി സ്ഥിതിചെയ്യുന്ന സ്റ്റേഷനാണ് "വേളി റെയിൽവേ സ്റ്റേഷൻ". ഇന്ത്യയുടെ അഭിമാനമായ VSSCയിലെ ജീവനക്കാരുടെ സൗകര്യാർത്ഥമാണ് ഈ സ്റ്റേഷൻ നിലവിൽ വന്നത്. എങ്കിലും, ഇന്ന് ഈ സ്റ്റേഷൻ അവഗണനയുടെ പര്യായ മായി നിലകൊള്ളുകയാണ്. തിരുവനന്തപുരത്തിനും കൊല്ലത്തിനുമിടയിൽ പ്ലാറ്റ്ഫാറമില്ലാത്ത ഒരേ ഒരു സ്റ്റേഷൻ വേളി റെയിൽവേ സ്റ്റേഷൻ മാത്രമാണ്.

VSSC, ഇൻഫോസിസ്, UST ഗ്ലോബൽ, ടെക്നോപാർക്ക് എന്നീ സ്ഥാപനങ്ങളിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും ജീവനക്കാർ, മറ്റ് യാത്രക്കാർ എന്നിങ്ങനെ നൂറ് കണക്കിന് യാത്രക്കാരാണ് ദിവസവും ഈ സ്റ്റേഷനിൽ ഇറങ്ങുകയും കയറുകയും ചെയ്യുന്നത്. പ്ലാറ്റ്ഫാറമില്ലാത്തതിനാൽ ട്രെയിനിൽ കയറുന്നതിനും ഇറങ്ങുന്നതിനും വളരെ ബുദ്ധിമുട്ടും അപകടകര വുമായ ശ്രമമാണ് നടത്തേണ്ടത്. ട്രെയിൻ നിറുത്തുന്ന ഒരു മിനിട്ട് സമയം കൊണ്ട് സർക്കസ്സിലെന്നപോലെ താഴെ നിന്ന് കമ്പിയിൽ എത്തിപ്പിടിച്ച് മുക ളിലേക്ക് വലിഞ്ഞ് കയറുകയും, ട്രെയിനിൽ നിന്ന് താഴേയ്ക്ക് വലിഞ്ഞിറങ്ങു കയും ചെയ്യുന്നത് വളരെ അപകടകരമായ പ്രവർത്തിയാണ്. പ്രായമായവരും, സ്ത്രീകളും, കുട്ടികളും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഇതുകൊണ്ടുതന്നെ അനേകം അപകടങ്ങളും, മരണങ്ങളും ഇവിടെ സംഭവിച്ചിട്ടുണ്ട്.

ആയതിനാൽ, എത്രയും പെട്ടെന്ന് ഈ സ്റ്റേഷനിൽ പ്ലാറ്റ്ഫാറം നിർമ്മിച്ച് ഈ സ്റ്റേഷനിൽ ഇറങ്ങുകയും കയറുകയും ചെയ്യുന്ന യാത്രക്കാരുടെ ബുദ്ധി മുട്ടും അപകടവും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടാതെ, യാത്രക്കാർക്ക് വിശ്രമിക്കുന്നതിനോ, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോ യാതൊരു സൗകര്യവും ഇവിടെയില്ല. ടിക്കറ്റ് കൗണ്ടറി നോട് ചേർന്ന് ചെറിയൊരു മുറി പണിതിട്ടു ്. ഇതിന് വാതിലുകളില്ല. രണ്ട് വശവും തുറന്നുകിടക്കുന്നതിനാൽ രാത്രിസമയത്ത് ഭിക്ഷക്കാരുടേയും സാമൂ ഹ്യവിരുദ്ധരുടേയും താവളമാണിവിടം. മലമൂത്ര വിസർജ്ജനം നടത്തിയും, മുറുക്കി തുപ്പിയും ഇതിനകവും പരിസരവും വൃത്തിഹീനമാക്കുന്നു.

യാത്രക്കാരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതോടൊപ്പം, ഇപ്പോഴുള്ള മുറിയിൽ വാതിലുകളിട്ട് വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടിയും ഉണ്ടാകണമെന്ന് അഭ്യ ർത്ഥിക്കുന്നു.

പൗണ്ട്കടവ് | സെക്രട്ടറി
3.1.2013 | കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ